### സെന്റ് മൈക്കിൾസ് ജി.എച്ച്.എസ്.എസ് വെസ്റ്റ്ഹിൽ

# ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

## 2018-19



# LITTLE KITES

# DIGITAL MAGAZINE

# ST. MICHAEL



# PRAY FOR US

FOUNDER



MSGR.R.F.C MASCARENHAS

# ST MICHAEL'S GIRLS HIGHER SECONDARY SCHOOL

# LITTLE KITES



## Chief Editor

Rev. Sr.Jayasheela BS

## Staff Editor

Jinto V cherian
Siji.Michael
Silbhy K.K

## Student Editor

Sneha M.P

## Editorial Board

Nandhana.K
Sreemayi.P.G
Anamika. A.V
Archana.K
Sreya.V
Vaniram.C.V
fathima zaeba madeeha



അറിവ് മറ്റൊരാളിൽ നിന്ന് പകർന്ന് കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം ആർജിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ മാറ്റം ചെറുതല്ല . കേരളത്തിലെ പുതിയതലമുറ വിവര വിനിമയ സംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താത്പര്യവും അഭിരുചിയുള്ളവരെകണ്ടെത്തി പ്രോത്സാഹിക്കുന്ന ഐ.സി.ടി കൂട്ടായ്മയായി ലിറ്റിൽ കൈറ്റ്സ്ന് എല്ലാ ഭാവുകങ്ങളും ഒപ്പം അവരുടെ സംരംഭമായ ഡിജിറ്റിൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു

സ്നേഹപൂർവം,

സിസ്റ്റർ ജയഷീല.ബി.എസ്



ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രസിദീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് . കുട്ടികളിൽ അന്തർലീനമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

സ്നേഹപൂർവം,

സിസ്റ്റർ.ബ്രിജീലിയ.ബി.എസ്




ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ ,നൃതന സാങ്കേതികവിദ്യയിൽ അഭിരുചിയുള്ള ഒരു തലമുറയെ വാർന്നെടുക്കാൻ ലിറ്റിൽ കൈറ്റിനും, അതിന്റെ ഡിജിറ്റൽ മാഗസിനും കഴിയട്ടെ എന്നാശംസിക്കുന്നു

സ്നേഹപൂർവ്വം,
ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്
ബീന വർക്കി

13 വെള്ളം കൊണ്ട് നട്ടുങ്ങിയ കേരളം
14 കേരളമേ മാപ്പ്
15 തിരിഞ്ഞു നോക്കുമ്പോൾ
16 നമ്മുടെ മലനാട്
17 പ്ലാസ്റ്റിക്
18 പ്രളയാനന്തര നവകേരളസ്രൃഷ്ടി
19 നമ്മുടെ കേരളം
20 സ്വപ്നങ്ങൾ
21 മൺമറഞ്ഞുകൊണ്ടിരിക്കുന്ന മലയാളം
22 അമ്പാടിയിലേക്ക്
23 ആൻഫ്രാങ്ക്
24 മരണം
25 വായനാദിനം
26 ഉച്ചസ്ഥയാം കേരളം
27 സ്വതന്ത്ര്യസ്വർഗ്ഗം
28 കേരളത്തിലെ നാടൻകലകൾ
29 തീപ്പെട്ടിക്കൊള്ളികൾ
30 നവോത്ഥാന കേരളത്തിന് സമൂഹത്തിന്റെ കൈത്താങ്ങ്
31 പൂക്കളൊക്കെയും വാക്കുകളാകുന്നു
32 കരളുറപ്പുള്ള കേരളം
33 മലയാളം അക്ഷര ത്രൂപങ്ങൾ
34 ബന്ധങ്ങൾ
35 പൂച്ചൊല്ലുകൾ
36 വിദ്വാന്റെ വീഴ്ച്ച
37 ചേച്ചി
38 നമ്മൾ മറന്നാലും കാലും നമ്മളെ മറക്കില്ല
39 മതിലേരിക്കന്നി
40 നന്ദി

# വെള്ളം കൊണ്ട് നടുങ്ങിയ കേരളം



കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായ ഏറ്റവും വലിയ പ്രകൃതിക്ഷോഭങ്ങളിൽ ഒന്നാണ് പ്രളയം.രണ്ട് മാസം മുമ്പ് കേരളം പ്രളയകെടുതിയിൽ ആണ്ട് പോയി. അസാധാരണമാം വിധം മഴ പെയ്തു.ഡാമുകളെല്ലാം നിറഞ്ഞു.കേരളത്തിലെ പ്രധാന ഡാമുകളായ ചെറുതോണ,ഇടുക്ക,ഭൂതത്താൻക്കെട്ട,മുല്ലപ്പെരിയാർ ,ബാണാസുര സാഗർ എന്നിവിടെയെല്ലാം ഷട്ടറുകൾ തുറന്നു.കേരളത്തിലെ ആലപ്പുഴ,എറണാകുളം എന്നീ ജില്ലകളെല്ലാംവെള്ളത്താൽമുങ്ങ.കോഴിക്കോട,വയനാട്മലപ്പുറം എന്നീ ജില്ലകളിലെല്ലാം ഉരുൾപ്പൊട്ടലിനാൽ അതീവ നാശനഷ്ടമുണ്ടായി.

ഈ ദുരന്തത്തെ അതിജീവിക്കാൻ

ഏറെക്കുറെനമുക്ക്സാധിച്ചു.ഓരോവ്യക്തിയ,സർക്കാരും ,സംഘടനകളും ഒന്നിച്ചു പ്രവർത്തിച്ചു.അവിടെ വലിയവനും ചെറിയവനെന്നോ വ്യത്യാസമുണ്ടായിരുന്നില്ല.എല്ലാ പ്രദേശങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും,മറ്റു സ്ഥാപനങ്ങളും ക്യാമ്പുകൾക്കായി തുറന്നുകൊടുത്തു.അവിടേക്ക് വേണ്ട സഹായസഹകരണങ്ങളുംജനങ്ങളിൽനിന്നുണ്ടായിരുന്നു .ഭക്ഷണങ്ങളും വസ്ത്രങ്ങളും മറ്റ് ആവശ്യ വസ്തുക്കളും അവിടെ എത്തിച്ച്കൊടുത്തു.

നാം ഇന്ന് ജീവിക്കുന്നത് ഒരു നവകേരളത്തിലാണ്. കേരളത്തെ ഇല്ലാതാക്കാം എന്ന് കരുതികൊണ്ട് വന്ന പ്രളയത്തെ കേരളീയർ ഒരു മനസ്സോടെ ഒന്നായി അതിജീവിച്ചു.ഈ ദുരന്തം പുതിയ കേരളം സൃഷ്ട്ടിക്കാനുള്ള അവസരമായി നാം കരുതണം.പ്രളയത്തെ അതിജീവിച്ച കേരളത്തിന് അഭിവാദ്യങ്ങൾ.

ഫെറാ ഫാത്തിമ



# കേരളമേ മാപ്പ്

കേരളമേ നിന്നോടുള്ള ക്രൂരതകൾക്ക്
ഞങ്ങൾ ക്ഷമ ചോദിക്കുന്നു
നിന്നെ വേദനിപ്പിച്ച ശിക്ഷയാണ്
ഞങ്ങൾ അനുഭവിച്ചത്

ഇല്ല ഒരിക്കലുമില്ല
ഇനിയൊരു കണ്ണീർ പുഴയാവാൻ
ഞങ്ങൾ അനുവദിക്കില്ല
ഞങ്ങൾ കേരളത്തിൻ മക്കൾ
തളരില്ല തളരില്ല
ഏതൊരു ദുരന്തത്തേയും ഒരുമിച്ച്
ഞങ്ങൾ നേരിടും
ദൈവത്തിൻ നാടിന്റെ
മക്കളാണ് ഞങ്ങൾ
ഇനി ഒരു ദുരന്തം
ഞങ്ങൾ അനുവദിക്കില്ല

-നന്ദന.കെ

# തിരിഞ്ഞു നോക്കുമ്പോൾ

34 വർഷത്തോളം കുട്ടികളോടൊപ്പം കഴിയാൻ ഭാഗ്യം സിദ്ധിച്ച എന്റെ മനസ്സിൽ മങ്ങാതെ വീണ്ടും വീണ്ടും അനുഭവിക്കാൻ ആഗ്രഹിക്കുന്ന ഒരു സ്കൂൾ വിദ്യാഭ്യാസ കാലമുണ്ട്.ക്ലാസ്സ് മുറിയാലെ പഠനത്തെക്കാൾ എന്നെ കൊതിപ്പിക്കുന്ന ഓർമ്മകൾ അവ സ്കൂളിലേയ്ക്ക് പോകുന്നതും തിരിച്ചുമുള്ള എന്റെ യാത്രയായിരുന്നു.യാത്രകൾ എന്നും ഹരം കൊള്ളിക്കുന്നവ തന്നെയാണ്.ജീവിതത്തെ സ്നേഹിക്കുന്നതിനെക്കാൾ ഞാൻ യാത്രകളെ സ്നേഹിക്കുവാൻ കാരണം ഇതുതന്നെയായിരിക്കാം.യാത്രകൾ നമുക്ക് നല്ല സൗഹൃദങ്ങൾ തരുന്നു.

കുന്നും മലയും കയറിയിറങ്ങി നാലഞ്ചു കിലോമീറ്റർ നടന്നാണ് ഞങ്ങൾ കുട്ടികൾ സ്കൂളിൽ അന്നു പോയിരുന്നത്.രാവിലെ സമയത്തിന് ക്ലാസിലെത്താനുള്ള ഓട്ടമായിരിക്കും.രണ്ടു മൂന്നു തോടുകൾ കടന്ന് നനഞ്ഞൊലിച്ചാണ് മഴക്കാലത്ത് സ്കൂളിൽ എത്തുക.ഓരോ തോടിനും അടുത്തുള്ള വീടുകളിലെ മുതിർന്നവർ ആ വഴി പോകുന്ന ഞങ്ങളെ തോടുകടത്താനായി കാത്തു നിൽക്കുന്നതും കൈപിടിച്ച് തോടുകൾ കടത്തുമ്പോൾ കാലുകൾ രണ്ടും നിലത്തു നിന്ന് ഉയർത്തി വെള്ളത്തിന്റെ ഒഴുക്കിനെതിരെ പിടിച്ച് മറുകരയെത്തുന്നതും കാണേണ്ടകാഴ്ച്ചയാണ്.ചെമ്മൺപാതയിലൂടെ ഒഴുകുന്ന ചെളിവെള്ളത്തിൽ കാലടിച്ചു ഞങ്ങൾ പടക്കം പൊട്ടിക്കും.നിലത്തു വീഴുന്ന മഴത്തുള്ളിയെ നോക്കി അവയ്ക്കിടയിലൂടെ ഓടിക്കളിക്കും.മഴവെള്ളത്തോടൊപ്പം ഒഴുകിയെത്തുന്ന പാമ്പ് കാലിൽ തട്ടുമ്പോൾ ഞങ്ങൾ പേടിച്ചു നിലവിളിക്കുന്നതും ഒരു പതിവായിരുന്നു.

ഒരു പ്രദേശത്തുനിന്നും പോകുന്ന കുട്ടികൾ ഒരുമിച്ച്  ഒരു കൂട്ടമായി കൂട്ടുകൂടി കളിച്ചു രസിച്ചുള്ള ആ യാത്ര ഒന്നു വേറെത്തന്നെയാണ്.ഇളയകുട്ടികളുടെ പുസ്തകകെട്ടും ചോറു പാത്രവും കൊണ്ടുപോകേണ്ടത് മുതിർന്ന കുട്ടിയുടെ ഉത്തരവാദിത്തമാണ്.എങ്ങനെയായാലും  മണിയടിക്കുന്നതിനു മുമ്പേ ഞങ്ങൾ ക്ലാസ്സിലെത്തും.വൈകുന്നേരങ്ങളിൽ റോഡരികിലെ ഓരോ തൊടിയിലുമുള്ള  പുളി,നെല്ലി,മാവ്,താന്നി ഇവയുടെയൊക്കെ ചുവട്ടിൽ പോയി പുളിയും നെല്ലിക്കയും മാങ്ങയും പെറുക്കിയും താന്നിക്കുരു പൊട്ടിച്ചു തിന്നും മദിച്ചുള്ള യാത്ര വിശേഷം തന്നെ.ഗുളിയന് വിളക്കുവെക്കുന്ന

വൻപുളിമരത്തെ ഭയഭക്തിയോടെ സമീപിച്ചതും തലവേദനയ്ക്ക് അമ്പലത്തിലെ ചന്ദനം വാങ്ങി നെറ്റിയ്ൽ ചാർത്തിത്തന്ന അധ്യാപികയും ഓർമ്മയിൽ നിന്ന് മായില്ല.മാമ്പഴക്കാലമായാൽ പറമ്പിലുള്ള മാവിൻചുവട്ടിൽ ഒത്തുകൂടി മാമ്പഴം പെറുക്കി തിന്നും.കഴിച്ച് ബാക്കി വരുന്നവ ചോറുപാത്രത്തിലാക്കി വീട്ടിലേയ്ക്കോട്ടം.മാമ്പഴം വീഴാൻ കാറ്റ് വരുന്നതുവരെ ഇടയ്ക്ക് കാത്തിരിക്കും.എത്ര ദിനങ്ങൾ വഴിയിലൂടനീളം കള്ളനും പോലീസും കളിച്ചും സാറ്റ് കളി,ഓടിപ്പിടിച്ച കളി,വീഴ്ച്ചകൾ മുറിവുകൾ,വീട്ടിലെത്തുമ്പോഴുള്ള അടി അതൊന്നും മറക്കനാകില്ല.

ഉച്ചയ്ക്ക് സ്കൂളിനടുത്തുള്ള പറമ്പിലും കിണറ്റിലും കരയിലും ഇരിക്കും,പലപ്പോഴും നടന്നാണ് ഭക്ഷണം കഴിയ്ക്കുക.ഒരു കുടക്കീഴിൽ രണ്ടും മൂന്നും പേർ ഒരുനിച്ചാണ് യാത്ര.കുടയില്ലാത്തപ്പോൾ വാഴയിലയും ചേമ്പിലയും സഹായത്തിനുണ്ടാകും.അന്നത്തെ ചെമ്മൺപാതയുടെ നിറവും മണവും ഒരിക്കലും മറക്കാനാവില്ല.

ഇപ്പോൾ എല്ലാം മാറിമറഞ്ഞു.ജീവിതം മാറി ,ജീവിത സൗകര്യങ്ങൾ മാറി.കുട്ടികളുടെ എണ്ണം കുറഞ്ഞു.ഒന്നോ രണ്ടോ മക്കൾ അവർ ഒട്ടും അല്ലലറിയാതെ വളരുന്നു.ഇന്ന് അവർക്ക് മഴയനുഭവം പകർന്നു നൽകാനും ,തോടറിയാനും,കടലറിയാനും അധ്യാപകർ വേണം.

കണ്ടും, കേട്ടും, തൊട്ടും അറിവുനേടി വളർന്നവർ- പ്രകൃതിയേയും സഹജീവികളെയും സ്നേഹിക്കാൻ പഠിച്ചവർ.അധ്യാപകരെ,മാതാപിതാക്കളെ,മുതിർന്നവരെ ആദരവോടെ സമീപിക്കുന്നത്,അവരുടെ കുറവുകൾ പൊറുക്കുന്നതു, അവരെ സംരക്ഷിക്കുന്നതു കടമയാണെന്ന് കരുതുന്നതു,ജീവിതം സുഖ ദുഖ സമ്മിശ്രമാണെന്ന് തിരിച്ചറിയുന്നത്,വീഴ്ച്ചകളെ അഭിമുഖീകരിക്കാൻ പറ്റുന്നത്, നേരും നെറിയും  തിരിച്ചറിഞ്ഞ് ജീവിക്കാൻ ഉൾക്കരുത്ത് കിട്ടുന്നത്.......

എല്ലാം..........എല്ലാം........ തിരിഞ്ഞുനോക്കുമ്പോൾ മറക്കാനാവുന്നില്ല.

ഡാലി.കെ ബേബി

# നമ്മുടെ മലനാട്

കേരം തിങ്ങും കേരള നാട്
കേരളമെന്നൊരു മലനാട്
മലനാട്ടിൻ മക്കളല്ലോ
മലയാളം ചൊല്ലീടുന്നു
വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോ-
യില്ലാ മനുഷ്യത്ത്വത്തിന്റെ
പൊഴിയാ നാമ്പുകൾ
ഞങ്ങൾ  അതിജീവിച്ചു
വലിയൊരു ദുരന്തത്തെ
ഒറ്റക്കെട്ടായി നിന്നു
പൊരുതി ജയിച്ചു നമ്മൾ
മലനാടിൻ മക്കൾ
നിപയും വന്നു പോയി
തളർന്നില്ല ഞങ്ങൾ
ലിനിയെ ഞങ്ങൾ
ഓർക്കുന്നു സേവനത്തിൻ
നേർക്കാഴ്ച്ചയായി
മറക്കില്ല ഞങ്ങൾ ഒരിക്കലും
ദൈവത്തിന്റെ പേരിലെ
കൊലവിളി നിലച്ചാൽ
സ്വപ്ന സുന്ദരമീ മലനാട്
നമ്മുടെ സ്വന്തം കേരളനാട്

-സ്നേഹ.എം.പി

# പ്ലാസ്റ്റിക്

പ്ലാസ്റ്റക് നമ്മുടെ ജീവിത്തിന്റെ ഭാഗമായി മാറിതക്കഴിഞ്ഞു.പ്ലസ്റ്റിക്കിന്റെ കണ്ടുപിടുത്തങ്ങളിൽ ലോകത്തിലെ മഹത്തായ കണ്ടുപിടുത്തങ്ങളിൽ ഒന്നായിട്ടാണ് കരുതുന്നത്. ലോഹവസ്തുവിന് സമാനമായ ഒന്നാണിത്. ലോത്തിനേക്കാൾ ഉറപ്പും ഈടും പ്ലസ്റ്റിക്കിനുണ്ട് അതെ സമയം ഇതിന് ഉൽപാദനച്ചെലവ് കുറവും ഉപയോഗക്ഷമത കുടുതലുമാണ് കനത്തിലും വിലയിലും ലോഹത്തിനെക്കാൾ പ്ലാസ്റ്റിക്കിന് കുറവുമുണ്ട് ഒരുപക്ഷ ഇത്തരം ഗുണങ്ങൾ കൊണ്ടാവാം മരത്തിനും ലോഹത്തിനും പകരമായി വ്യാപകമായി തന്നെ പ്ലാസ്റ്റിക് ഉപയോഗിച്ച് തുടങ്ങിയത്. മറ്റു വസ്തുക്കളെക്കാൾ പ്ലാസ്റ്റിക് കൈകാര്യം ചെയ്യാനും എളുപമാണ്. എന്നാൽ ഇതൊക്കെയാണെങ്കിലും ലോകം ഇന്ന് നേരിടുന ഏറ്റവും വലിയ മലിനീകരണ ഭീഷണി പ്ലാസ്റ്റിക്കിൽനിന്നാണ് . പ്ലാസ്റ്റിക്കിന്റെ ഉപയോഗ പരമാവധി കുറച്ചുകൊണ്ട് നമുക്ക് ഈ വിപത്തിൽ നിന്ന് മോചിതനരാകാൻ ശ്രമിക്കാം



# പ്രളയാനന്തര നവകേരളസൃഷ്ടി

ഇന്നലെ വന്നു പോയ് കേരളമന്നിനെ
ആകെയുലച്ചൊരു ദുരിതം
പേമാരിയായത് പേടിച്ചൊരിഞ്ഞത്
കേരളനാടിന്റെ നെഞ്ചകത്തിൽ
ഭക്ഷണമില്ല, സുരക്ഷയുമില്ലാതെ
ഓരോരുപേരും വലഞ്ഞിരുന്നു
കച്ചിതുരുമ്പിനായ് കച്ചക്കെട്ടിയവർ
ജീവന് വേണ്ടി പരിശ്രമിച്ചു
ഒടുവിലായ് നമ്മതൻ രൂപങ്ങളൊക്കെയും
മാനുഷാകാരങ്ങൾ പൂണ്ടു വന്നു
വന്നു അനേകമായ് അന്യന്റെ ജീവനും
താങ്ങിനായി,തണൽ നൽകുവാനായി
ആയിരം പേർ ചേർന്ന ആ പെരു പ്രളയത്തെ
കീഴടക്കി സ്വൽപ്രയത്നമതാൽ
പലതുള്ളി പെരുവെള്ളം
എന്ന പൊരുളിൻ പദം ഉള്ളിന്റെ
ഉള്ളിലായ് ഓർത്തുകൊണ്ട്
കേരളനാടിന്റെ ഐക്യമതുകണ്ട്
പാരത് പോലും മിഴിച്ചു നിന്നു

-ആദിത്യ.സി

# നമ്മുടെ കേരളം

പ്രളയം കഴിഞ്ഞ പുതിയ കേരളം എങ്ങനെ ആയിരിക്കണമെന്നും കഴിഞ്ഞ പ്രളയത്തെ നമ്മൾ എപ്രകാരമാണ് നേരിട്ടതെന്നും നമുക്കറിയാം.ജാതി മതങ്ങൾക്കപ്പുറം സ്നേഹബന്ധങ്ങൾക്ക് അതിരില്ലാത്ത എത്ര ദിവസങ്ങൾ.പുതിയ കേരളവും ഇപ്രകാരമാണെങ്കിൽ.എന്ത് രസമായിരിക്കും.ചിലപ്പോൾ നാം ഒന്നിക്കാനായിരിക്കും പ്രകൃതി ഇത്ര വലിയ പ്രളയത്തെ രൂപപ്പെടുത്തിയത്.പക്ഷെ ഒത്തിരി വീടുകളും വെള്ളത്തിലായി.അവർക്ക് നഷ്ടങ്ങളുണ്ടായെങ്കിലും അവർ ആ ദിവസങ്ങളിൽ എല്ലാം മറന്ന് ദുരിതാശ്വാസ ക്യാമ്പിൽ എല്ലാവരും
ഒത്തൊരുമിച്ചു നിന്നു.പുതിയ  കേരളത്തെ ഇതുപോലെ സൗഹൃദത്തോടെ ആയിരുന്നെങ്കിൽ അതിനപ്പുറത്ത് എന്ത് സന്തോഷവും സുഖവുമാണുള്ളത്.

-ശ്രേയ.വി



# സ്വപ്നങ്ങൾ

നിറമാർന്ന ഭുവിലെ
അഴകാർന്ന ഭുവിലെ
അക്ഷരത്തൊപ്പാണെനിയ്ക്കു മോഹം !
അക്ഷരത്തോപ്പിലെ
നിനവിന്റെ തൊപ്പിലെ
ഗുരുവായ പൂവാണെനിക്കു മോഹം !
ഗുരുവായ പൂവിലെ
അഴകെഴും പൂവിലെ
അറിവാകുമാ മധുവാണുമോഹം
അറിവായ മധുവിലെ
കുളിരായ മധുവിലെ
മധുരമാം ചങ്ങാത്തമാണുമോഹം
അക്ഷരത്തൊപ്പിൽ പറന്നും പറന്നും
ഗുരുവായ പൂവെ വലംവെച്ചുകൊണ്ടും
അറിവാകുമാമധുവൊന്നു നുകർന്നും
സൗഹൃദമാധുര്യമറിഞ്ഞും കൊടുത്തും
ഉയരങ്ങളിൽ പാറുവാനാണു മോഹം!



# മൺമറഞ്ഞുകൊണ്ടിരിക്കുന്ന മലയാളം



മാതൃഭാഷ ഇന്ന മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടയുകയാണ്. മേഘസന്ദേശവും, താളിയോലയും, എഴുത്തും, പത്രത്താളുകളും മറ്റും ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ, എസ്.എം.എസ് എന്നിവയ്ക്ക് വഴിമാറുമ്പോൾ ഇംഗ്ലീഷ് ഭാഷയ്ക്കുമുന്നിൽ മലയാളഭാഷയും വൈകാതെ അടിയറവുപറയേണ്ടിവരും.

മലയാളം നമ്മുടെ അഭിമാനം ആണ്, അത് നമ്മുടെ സംസ്കാരമാണ്. അനുഭവത്തിന്റെ, ആത്മാവിന്റെ ഭാഷയാണ് മാതൃഭാഷ. അതിനെ നിഷേധിക്കാൻ, ചവിട്ടി താഴ്ത്താൻ ആർക്കും അവകാശമില്ല. ഇന്ന് പലരും എനിക്ക് മലയാളം അറിയില്ല എന്നു പറയുന്നു. അതവർക്ക് ഗമ കൂട്ടുന്ന ഒന്നായോ.. എന്നാൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു. ലോകത്തിലുള്ള 2796 ഭാഷകളിൽ മലയാളിത്തിന് 77-ാം സ്ഥാനമാണുള്ളത്. നമ്മുടെ നാട്ടിൽ മഹാൻമാർ ജനിച്ചിട്ടുണ്ടെന്നുതന്നെ അപൂർവ്വമായേ നമുക്കറിയാനിടവരുന്നുള്ളൂ. ഇന്നത്തെ വിദ്യാഭ്യാസം രചനാത്മകമായ യാതൊന്നും നമ്മെ പഠിപ്പിക്കുന്നില്ല എന്നു വേണമെങ്കിൽ പറയാം. സ്വന്തം കൈകാലുകൾ ഉപയോഗിക്കാൻ പോലും നമുക്കറിയില്ല. ഇംഗ്ലീഷുകാരുടെ പൂർവ്വികന്മാരെക്കുറിച്ചുള്ള വസ്തുതകളും കണക്കുകളുമെല്ലാം നാം അസ്സലായി പഠിക്കുന്നു. കേവലം 80 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷയ്ക്കും 100 ലക്ഷംപേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷയ്ക്കും ലോകത്തിലുള്ള വലിയ സ്ഥാനം ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിച്ച് തലതാഴ്ത്തേണ്ടിയിരിക്കുന്നു. അവർക്ക് അവരുടെ മാതൃഭാഷയോടുള്ള സ്നേഹവും ആദരവും കണ്ടുപഠിക്കേണ്ടിയിരിക്കുന്നു.
300 ലക്ഷത്തിലധികം മലയാളികളുള്ള നമ്മുടെ കേരളം മാതൃഭാഷയോട് കാണിക്കുന്നത് ഒരു ജനതയും കാണിക്കാത്ത തരം അനാസ്ഥയാണ്. മാതൃഭാഷയെക്കുറിച്ച് നമ്മുടെ കവികൾ പാടിയതും എഴുതിയതും എത്രയുണ്ട് പറയാനാണെങ്കിൽ. മലയാള ഭാഷയെക്കുറിച്ച് മഹാകവി വള്ളത്തോൾ എഴുതിയ കുറച്ച് വരികൾ കുറിക്കേണ്ടിയിരിക്കുന്നു.. മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം- ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം, അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ സമ്മേളിച്ചിടുന്നതൊന്നാമതായ്. മറ്റുള്ള ഭാഷകൾ കേവലം ധാത്രികൾ മർത്യന്നു പെറ്റമ്മ തൻഭാഷ താൻ. ഹൈട്ടക്ക് ജനത അന്യഭാഷകളുടെ അടിമകളാകുകയാണോ...അവിടെ അടിമത്വത്തിന്റെ ചുവയുമുണ്ട്. ഏത് യന്ത്രവത്കൃത ലോകത്തു ജീവിച്ചാലും ഏത് സാങ്കേതിക വിദ്യയുടെ ചുവട്ടിൽ കിടന്നാലും മലയാളഭാഷയേയും സംസ്കാരത്തെയും മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിന് തുല്ല്യമാണ്. മാതൃഭാഷയുടെ വിശുദ്ധി കാത്തുസൂക്ഷിക്കണമെന്നുള്ള സന്ദേശം എന്നും ഓർമ്മയിൽ തെളിയട്ടെ. നമ്മുടെ ഭാഷ അങ്ങനെ ആർക്കും വഴിമാറികൊടുക്കേണ്ടതല്ല.

# അമ്പാടിയിലേക്ക്....



മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ
അക്രൂരമായൊരു
മാനസംപൂണ്ടുള്ളൊ
രക്രൂരനാകിന യാദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു
തേരിൽക്കരേറിയ
ദ്ദിക്കിനെ നോക്കി
നടന്നാനപ്പോൾ.
പോകുന്നനേരത്തു തന്നിലേ
നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി:
'കണ്ണനെക്കാണ്മതിന്നായല്ലോ
പോകുന്നു
പുണ്യ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയുഷവാരിതൻ പൂരംതന്നെ.
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിനെ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി
ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റെ ളുമൊഴിയായൊരു തേൻകൊണ്ടെൻ
കർണ്ണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക

ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു ത്തുനിലാവേറ്റ നി
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ
രുണ്ണിക്കൈയൊന്നു മുകർന്നുതാവൂ.
കണ്ടൊരു നേരത്തു കാർമുകിൽവർണ്ണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ.
ചേവടി രണ്ടുമേടുത്തുടൻ മെല്ലവേ
ചൊവ്വോടു മൗലിയിൽ ചേർത്തുതാവൂ.

-കൃഷ്ണഗാഥ (ചെറുശ്ശേരി)

# ആൻഫ്രാങ്ക്




ആൻ ഫ്രാങ്ക് എന്ന ജൂതപെൺകരുത്താണ് മനസ്സിനെ ദീപ്തമാക്കിയ സുകൃത ജൻമങ്ങളിലൊന്നാണ്.

പുരത്തെ തെരുവിൽ നാസികൾ ജൂതരുടെ നിർമല രക്തത്തിനു വേണ്ടി ആർത്തുവിളിക്കുകയാണ്.ഉറ്റവരെയൊക്കെ വിധി അവളിൽ നിന്ന് ബലമായി കവർന്നെടുത്തു,നിലവിളികൾക്ക് തടയാനാവാത്ത വിധത്തിൽ.എന്നിട്ടും തകർന്നു തുടങ്ങിയ ഒരു കെട്ടിടത്തിന്റെ ഇടുങ്ങിയ സെല്ലിൽ ഒളിച്ചിരുന്നവൾ തന്റെ നാൾവഴി പുസ്തകത്തിൽ ഇങ്ങനെ കോറിയിട്ടു:ഞാനിനിയും മനുഷ്യനെ വിശ്വസിക്കുന്നു.കലാപം അവളുടെ ജീവനെ ജ്വലിപ്പിച്ചു.

മനുഷ്യനിൽ നാമിനിയും വിശ്വസിക്കണോ?വെൺപിറാക്കളുടെ ചിറകിനു കീഴിൽ കഴുകൻ നഖങ്ങൾ ഒളിപ്പിച്ചുവെച്ചിട്ടുണ്ടോ?സൗമ്യതയുടെ മേലങ്കികൊണ്ട് ഉള്ളിലെ ഘോരവനങ്ങളെ നമുക്കെത്ര കാലം ഒളിപ്പിക്കാനാവും?ആനിനെപ്പോലെ ഞാനിനിയും മനുഷ്യനിൽ വിശ്വസിക്കുന്നു എന്ന് പറയാൻ എത്ര ആത്മബലം വേണം.

# മരണം



ആരോടും ഒന്നും പറയാതെ ....

ആരെയും കൂട്ടുവിളിക്കാതെ....

ഉള്ളതെല്ലാം വിട്ടുകൊടുത്ത്...
ഏകാന്തതയിലേക്കുള്ള യാത്ര
കരയുന്ന വീട്ടുകാർ  കുശലം ചൊല്ലും

നാട്ടുകാർ...

കണ്ണുനീർ ഒപ്പം അഛനും ...

ആർത്തുകരയും അമ്മയും ...

എന്തിനെൻ  മരണമേ...

നീ  എന്നെ കൊണ്ടുപോയി......

അനശ്രീ.ടി

# വായനാദിനം

വെളിച്ചം നിറഞ്ഞുനിൽക്കുന്നിടത്ത് ഇരുട്ട് കയറി വരില്ല . മനുഷ്യമനസ്സിൽ നന്മയുടെ പ്രകാശതരികൾ കത്തിയുടെ ഇരുട്ട് പരക്കുകയില്ല . വായനയിൽ നിന്ന് നമുക്ക് ലഭിക്കുന്ന അറിവുകൾ നമ്മുടെ മനസ്സിനെ കൂടുതൽ പ്രകാശമാക്കുന്നു . ഓരോ വർഷത്തിലും ഈ പ്രകാശത്തെ ഇരട്ടിപ്പിക്കാൻ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു .  വായനാ മഹത്ത്വത്തെ തുടകാകം കുറിച്ച വ്യക്തിയാണ് പി.എൻ പണിക്കർ 1909 മാർച്ച് 5 ന് ആലപ്പുഴ ജില്ലയിൽ നിലബേത്രൂരിൽ  ജനിച്ചു . വായനയെക്കുറിച്ച് പിൻതലമുറയെ ബോധവാന്മാരാക്കാൻ അദ്ദേഹം പ്രയത്നിച്ചിരുന്നു പക്ഷേ അതിൽ ചിലത് അദ്ദേഹത്തിന് സ്വപനം മാത്രമായി ഒതുങ്ങി . 1995 ജൂൺ 19 ന് സേവനമനുഷ്ഠിച്ചു . അതിനിടയിൽ അദ്ദേഹം പുസ്തക ലോകത്തിനും മലയാളസമൂഹത്തിനും തീരാനഷ്ടം നൽകിക്കൊണ്ട് വിടപറഞ്ഞു . അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു . അന്നു മുതൽ ഒരാഴ്ച്ചക്കാലം വായനാവാരമായി ആചരിക്കുന്നു .


-സേബ



# ഉച്ചസ്ഥയാം കേരളം

**പ്രളയമേ നീയേകിയ ദുരിതങ്ങൾ**
**എന്നുടെ മനസ്സിൽ കുടിയിരിക്കുകയാണിന്നും,**
**പഴയൊരു നാടിന്ന് സ്വപ്നം**
**മാത്രമായ് പോയതിൽ ഞാൻ**
**എന്നും വിതുമ്പുന്നു;പ്രകൃതി നൽകിയ**
**പാഠമാം ദുരിതങ്ങൾ**
**അനുഭവിക്കുമെൻ**
**സഹോദരങ്ങൾക്കെന്നും നീയൊരു**
**പേടിസ്വപ്നമായി മാറിടുന്നു**
**പാഠപുസ്തകങ്ങൾ കുതിർത്തു നീ**
**വീടുകൾ ചിഹ്നഭിന്നമായ് മാറ്റി നീ....**
**ജീവൻ കവർന്നെടുക്കും രാക്ഷസിയാം പ്രളയം**
**മനുഷ്യ ക്രന്ദനം മാത്രം ബാക്കിയായ് തന്നു**


ഇന്നു എത്രയോപേർ നിന്നെ ഭയക്കുന്നു.
നിൻ ആക്രന്ദനം ഭയക്കുന്നു.
തവൽ കാലഗതി എത്ര ക്രൗര്യം...
എൻ കേരളം നവോൻമേഷം പകരുകയാണിന്ന്
പുതിയൊരു നാടായ് പുനർനിർമ്മിതമാവാൻ
കീർത്തി മുദ്ര പതിച്ച കേരളമായി മാറും
ഇനിയും എൻ നാട് ഐശ്വര്യപൂർവ്വം
നിൻ ആക്രന്ദനത്തെ പ്രതിരോധിക്കും.
ഒരു നവകേരളമായ് ഉദിച്ചുയരും.


"Once you stop
learning, you
start dying"
~ Albert Einstein ~

# സ്വാതന്ത്ര്യസ്വർഗ്ഗം

എവിടെ നിർഭയമാകുന്ന മാനസം
എവിടെനില്ക്കുന്നു ശീർഷം സമുന്നതം
എവിടെ അറിവ് പൂർണസ്വതന്ത്ര്യമായ്
അവികലമായ് വിരാജിപ്പൂ നിത്യവും
മുക്തിതൻ സ്വർഗ്ഗരാജ്യ,മതി ലേ
ക്കെന്റെ നാടൊന്നുണർന്നാവൂ ദൈവമേ!
എവിടെ രാഷ്ട്ര മതില്വക,ളൂഴിയെ-
ച്ചെറിയ തുവലൂകളായ് മുറിപീലിയോ
എവിടെ സത്യത്തിൻ ആഴത്തിൻ നിന്നു താൻ
മൊഴികളെല്ലാം ഉറവെടുക്കുന്നുവോ
മുക്തിതൻ സ്വർഗ്ഗ രാജ്യ,മതിങ്കലേ-
ക്കെന്റ നാടൊന്നുണർന്നാവൂ ദൈവമേ.

(ഗീതാഞ്ജലി-ടാഗോർ)



# കേരളത്തിലെ നാടൻകലകൾ

ഭൂപ്രകൃതികൊണ്ടും കാലാവസ്ഥകൊണ്ടും ഐശ്വര്യം തിളങ്ങുന്ന നാടാണ് കേരളം. കാവുകളും നീർത്തടങ്ങളും ചെറിയ കുന്നുകളും നിറഞ്ഞ കേരളത്തിന്റെ മുഖശ്രീതന്നെ നിരവധി കലാരൂപങ്ങൾക്ക് ജന്മം നൽകാൻ പോരുന്നവയാണ്. വൈവിധ്യമാർന്ന കലാരൂപങ്ങൾ പരിശോധിച്ചാൽ അവയെല്ലാം ജനങ്ങളുടെ സംസ്കൃതിയുമായി ബന്ധമുണ്ടെന്നു കാണാം. മാത്രമല്ല, ഇവിടുത്തെ തൊഴിലും മതവുമായി ഈ കലാരൂപങ്ങൾക്ക് അഭേദ്യമായ ബന്ധമുണ്ട്. നിരവധി അനുഷ്ഠാനങ്ങളുടെ കേരളീരംഗമാണ് കേരളം. ജനനം, വിവാഹം, മരണം എന്നിവയുമായി ബന്ധപ്പെട്ട ചില കർമങ്ങൾക്കും കേരളത്തിലെ നാടൻകലകളിൽ വേരുണ്ട്. പ്രകൃതിയെ ഭയന്നു ജീവിച്ച പുരാതനമനുഷ്യന്റെ അഭിലാഷങ്ങൾക്കും നാടൻകലകളിൽ സ്ഥാനമുണ്ട് നന്മകൾ, ഐശ്വര്യം വരുത്തുന്ന കർമങ്ങൾ എന്നിവയുടെ കേദാരമാണ് ഒരോ കലാരൂപവും. ഒരോ കലാരൂപവും ഒന്നിനൊന്ന് വൈവിധ്യം പുലർത്തുന്നു. താളത്തിൽ, വേഷത്തിൽ, നൃത്തരൂപത്തിൽ, സംഗീതത്തിൽ, സംഗീതോപകരണങ്ങളുടെ കാര്യത്തിൽ-അങ്ങനെ എല്ലാത്തിലും വ്യത്യസ്തത പുലർത്തുന്നവയാണ് നാടൻകലാരൂപങ്ങൾ.


കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട നിരവധി നാടൻകലകൾ കേരളത്തിലുണ്ട്. അനുഷ്ഠാനകലാരൂപങ്ങളായ കഥകളിയുടെയും തുള്ളലിന്റെയും പ്രാഗ്രൂപങ്ങൾ ഈ നാടൻകലകളിൽ തെളിയുകയും ചെയ്യുന്നു. പൂരക്കളി, കതിരകാളക്കളി, അർജ്ജുനനൃത്തം, കുമ്മാട്ടി, ഉറിയടി, ഐവർകളി,കുത്തിയോട്ടം, പരിചമുട്ടുകളി, കോൽക്കളി, സംഘക്കളി, കടുവാക്കളി, പുലികളി, അശകുശലക്കളി തുടങ്ങിയവയെല്ലാം കേരളത്തിലെ സാധാരണ മനുഷ്യരുടെ വിനോദസംസ്കാരവുമായി ബന്ധപ്പെട്ടതാണ്. തമിഴിന്റെ സ്വാധീനവും സംസ്കൃത നാടകത്തിന്റെ പെരുമയും ഒത്തുചേരുന്ന കാക്കാരിശ്ശിയും പൊറാട്ടുനാടകവും ശക്തമായ ആവിഷ്കാരരൂപങ്ങൾ തന്നെ. തമിഴിന്റെ സ്വാധീനംകലർന്ന ഒന്നാണ് തോൽപാവകൂത്ത്. തമിഴിൽ വളരെ ജനപ്രീതിയാർജിച്ച കലാരൂപമാണ് പാവകളി. രാമായണമാണ് ഇതിവൃത്തം. അതേ കലാരൂപം കേരളത്തിന്റെ തനിമ കലർത്തി ആവിഷ്കരിക്കുമ്പോൾ ഇവിടുത്തെ ജനകീയ കലാരൂപമായി.

കേരളത്തിലെ നാടോടി സംസ്കാരത്തിന് തിലകക്കുറി നാടൻപാട്ടുകളും ബന്ധപ്പെട്ട കലാരൂപങ്ങളുമാണ്. കത്തിക്കാളുന്ന തീക്കുണ്ഡത്തിനു മുമ്പിൽ നിന്ന് പ്രാചീനമനുഷ്യൻ നടത്തിയ ആഹ്ലാദനൃത്തത്തിന്റെ കമനീയരൂപങ്ങളാണ് ഇന്നത്തെ കാൽച്ചുവടുകൾ. ഞാറ്റുത്സവവും കൊയ്ത്തുൽസവവും അതുമായി ബന്ധമുള്ള കലാരൂപങ്ങളും അത്തരം വീക്ഷണത്തിൽ മനസ്സിലാക്കുന്നതാണ് ഉത്തമം. സമൂഹത്തിന്റെ താഴേത്തട്ടിൽ ജനിച്ചുവളർന്ന ആളുകളുടെ വാമൊഴിയിൽ ഉയിർക്കൊണ്ട വാങ്മയരൂപങ്ങളാണ് നാടോടിപാട്ടുകൾ. കൊയ്ത്തിനുമപമ്പ് കതിരുനാട്ടി നടത്തുന്ന കതിരുത്സവം

നാടോടിപ്പാട്ടിന്റെ അലങ്കാരത്തോടെ നടത്തുന്ന ഒന്നാണ്. കൊയ്ത്താൻ കളത്തിലേക്ക് പോകുംമുമ്പ് നടത്തുന്ന കൊയ്ത്തുനൃത്തവും ഇതുമായി ബന്ധപ്പെട്ട നാടൻകലയാണ്. ശൈലിയിലും ഭാഷയിലും തികഞ്ഞ ലാളിത്യം പുലർത്തുന്ന നാടൻപാട്ടുകളും അവയുമായി ബന്ധപ്പെട്ട കലകളും കേരളത്തിന്റെ പാരമ്പര്യം വിളിച്ചുപറയുന്നു. സാമൂഹിക ജീവിതച്ചിത്രങ്ങൾ അനാവരണംചെയ്യുന്ന ഞാറ്റുപാട്ടുകൾ, കൃഷിപ്പാട്ടുകൾ, തേക്കുപാട്ടുകൾ, തോറ്റംപാട്ടുകൾ, നാവേറ്റുപാട്ടുകൾ, കല്യാണപ്പാട്ടുകൾ, ഗന്ധർവൻപാട്ടുകൾ, തുമ്പിപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, പുലികളിപ്പാട്ടുകൾ തുടങ്ങയവയെല്ലാം ഈ കൊച്ചുകേരളത്തിന്റെ ഗാനപരമ്പര്യവുമായും കലാപാരമ്പര്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലും അനുഷ്ഠാനത്തിന്റെ പിൻബലമുള്ള കലാരൂപങ്ങൾ മതപരമായ ഒരു ചടങ്ങായി നിലനിൽക്കുന്നു. വടക്കൻകേരളത്തിലെ തെയ്യം, തിറ, പൂരക്കളി തുടങ്ങിയവയും തെക്കൻകേരളത്തിലെ കുത്തിയോട്ടം, കമ്പടവുകളി തുടങ്ങിയവയും മതപരമായ ബന്ധംകൊണ്ട് ശക്തി പ്രാപിച്ചവയാണ്. പാട്ടും നൃത്തവും സമ്മേളിച്ചാണ് മുന്നേറുന്നത്. പാട്ടിന്റെ വായ്ത്താരിക്ക് അവലംബമായി നൃത്തച്ചുവടുകൾ ഉണ്ട്. കളിയാശാന്മാർ ഇവ പഠിപ്പിക്കുന്നു. പരമ്പരാഗതമാണ് ആശാന്മാരുടെ അവകാശം. പല കളികൾക്കും–നാടൻ കലാരൂപങ്ങൾക്കും–ദേശഭേദം ഉണ്ടെന്നല്ലാതെ അവയുടെ ലക്ഷ്യത്തിനു വ്യതിയാനമില്ല. മിക്ക കലാരൂപങ്ങൾക്കും നാടൻ പാട്ടുമായി ജന്യജനകബന്ധമുണ്ടെന്നു സൂചിപ്പിച്ചുവല്ലോ. വടക്കൻ കേരളത്തിലെ കലാരൂപങ്ങളിൽ ഗണനീയസ്ഥാനം അലങ്കരിക്കുന്നത് തെയ്യമാണ്. തെയ്യം ഒരു അനുഷ്ഠാനകലയാണ്. ആസ്തിക്യബോധവും അനുഷ്ഠാനവിശ്വാസവും ഇടകലർന്നാണ് ഈ കലാരൂപം വളർച്ച പ്രാപിച്ചത്. അതിന്റെ പാട്ടുകളെ തോറ്റംപാട്ട് എന്നാണ് പറയുന്നത്.

കാളിക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ധാരാളം കലാരൂപങ്ങൾ പ്രചാരത്തിലുണ്ട്. കാളിയുടെ രൂപം 'മുടി' (കിരീടം) എഴുന്നള്ളിക്കുന്ന 'മുടിയേറ്റ്' വളരെ പ്രശസ്തമായ നാടൻകലയാണ്. വടക്കൻകേരളത്തിലും തെക്കൻ കേരളത്തിലും മുടിയേറ്റുണ്ട്. വ്യതിയാനങ്ങളോടെ അവതരിപ്പിക്കുന്നു എന്നുമാത്രം. അനുഷ്ഠാന കലാരൂപമാണ് മുടിയേറ്റ്. കാളിയും ദാരികനും തമ്മിലുള്ള പോർവിളിയും യുദ്ധവും അടങ്ങുന്ന നൃത്ത കലാരൂപമാണ് മുടിയേറ്റ്. തെക്കൻകേരളത്തിൽ ഒരു ദേവീക്ഷേത്രത്തിൽനിന്ന് മുടിയുമായി അടുത്ത ദേവീക്ഷേത്രംവരെ പോകുന്ന പതിവും ഉണ്ട്. കോലം തുള്ളൽ എന്നു ചില സ്ഥലങ്ങളിലും പടയണി എന്നു മറ്റുചില സ്ഥലങ്ങളിലും വ്യവഹരിക്കുന്ന കലാരൂപവും ദേവിയുമായി ബന്ധപ്പെട്ടതാണ്. കൈകൊട്ടിക്കളി,തിരുവാതിരക്കളി തുടങ്ങിയ നാടൻകലകൾ തികച്ചും കേരളീയ ഈടുവയ്പുകൾതന്നെ. മലബാറിലെ മുസ്ലിങ്ങൾ ആവിഷ്കരിക്കുന്ന കോൽക്കളിയും ക്രിസ്ത്യാനികളുടെ ചവിട്ടുനാടകവും ഇവിടെ രൂപംകൊണ്ട ചില കലാരൂപങ്ങളുടെ സമാന്തര വിഭാഗങ്ങൾതന്നെ.

നാടൻകലകൾ ആസ്വദിക്കുക, അവ പ്രചരിപ്പിക്കുക എന്നിവ രണ്ടുമാണ് കലകൾ അന്യംനിന്നു പോകാതെ രക്ഷിക്കാനുള്ള മാർഗങ്ങൾ. അതിനെക്കുറിച്ചുള്ള ബോധംകൂടി ഇതോടൊപ്പം ഓരോ മലയാളിക്കും ഉണ്ടാകേണ്ടതാണ്.


തീപ്പെട്ടിക്കൊള്ളികൾ
ഒറ്റ ഉരസലിൽ കത്തുന്ന തലകൾ
വെളിച്ചം പകർന്നേകുമ്പോൾ
വലിച്ചെറിയപ്പെടുന്ന ഉടലുകളെ
ആരും ഗൗനിക്കാറേയില്ല.
തീപ്പെട്ടിക്കൊള്ളികൾ നിൻ
വലിച്ചെറിയപ്പെടുന്ന ഉടലിനെ ഓർത്താണ്
എൻ തല ഓരോ തവണയും കത്തിയെരിഞ്ഞത്.
തീപ്പെട്ടിക്കൊള്ളികൾ ഒറ്റപ്പോരാട്ടത്തിലൊട്ടു ങ്ങിയാണേലും
വെട്ടം പരത്തി വിടപറയുന്നു ഞാൻ.

# നവോത്ഥാന കേരളത്തിന് സമൂഹത്തിന്റെ കൈത്താങ്ങ്

എങ്ങനെ വേണമെങ്കിലും കെട്ടിപ്പടുക്കാവുന്നവിധം പ്രളയം കഴച്ചുമറിച്ചിട്ട മണ്ണിൽ നിന്ന് നാം ഗാഢമായി ആഗ്രഹിക്കുന്നത് പുതിയൊരു കേരളത്തെിന്റെ നിർമിതിയ്ക്കാണ്. മാറ്റങ്ങളെല്ലാം ഉൾകൊണ്ടുള്ള കേരളത്തിന്റെ പിറവി ഒരുമയോടെയും തെളിമയോടെയുംമുന്നോട്ട നീങ്ങിയാൽ നമുക്ക് സാധ്യമാക്കാവുന്നതാണ്.എല്ലാം വിഭാഗം ജനങ്ങളും രാഷ്ട്രീയത്തിനതീതമായി ഒന്നിച്ച് പ്രവർത്തിക്കണം.പുനർനിർമാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സമഗ്രരൂപരേഖയും ബഹുതലസംവിധാനവും വേണം നവകേരള നിർമ്മിതി ആരംഭിക്കാൻ.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയ്ക്കും പരിസ്ഥിതിയ്ക്കും യോജിച്ച നിർമ്മാണമാണ് വേണ്ടത്.കാലാവസ്ഥൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. അതും മുഖ്യവിഷയമായി കാണണം.

നവകേരള നിർമ്മിതിയിൽ പ്രഥമവും പ്രധാനവുമായ ആധാരശില സൗകര്യ വികസനമാണ്.റോഡ് അറ്റകുറ്റപ്പണിക്ക് മുന്തിയ പരിഗണന നൽകണം.പ്രളയസാധ്യത ഇനിയും കണക്കിലെടുത്ത്,അതിനെ നേരിടാൻ പറ്റിയ തരത്തിലുള്ള കെട്ടിടങ്ങളും വീടുകളും രൂപകൽപ്പന ചെയ്യണം.

കാര്യക്ഷമത,ഉന്നതഗുണനിലവാരം,ആധുനിക സാക്ങതികവാദ്യ,ദിർഘകാല നിലനിൽപ്പ്,നീതിപൂർവ്വമായ പുനരധിവാസം തുടങ്ങയവയാണ് നവകേരള സൃഷ്ടിയുടെ അടിസ്ഥാന സമീപനങ്ങൾ.

ഏറ്റവും മികച്ച കാര്യക്ഷമതയും വിശ്വാസ്യതയുമുള്ള ഒരു സംഘം ഉദ്യോഗസ്ഥരെ നവകേരള നിർമിതിക്കായി നിയമിക്കണം ജാതിമതഭേദമന്യേ എല്ലാവരും ഒത്തൊരുമിച്ച പ്രവർത്തിച്ചാൽ നല്ലൊരു ദേശം കെട്ടിപ്പെടുത്താം.നമ്മുടെ സ്വാർത്ഥയുടെയും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെയും തിരിച്ചടിയാണ് പ്രളയ മഹാദുന്തം എന്ന് നമുക്ക് പറയാം.

നമ്മുടെ നാട്ടിലെ സാമുക്കളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം തക്കസമയത്ത് പുനർനിർമ്മാണം പൂർത്തിയാക്കണം.എന്നാൽ മാത്രമേ ശരിയായ പാതയിലൂടെ ജലം ഒഴുകുകയുള്ളൂ.

അതോടൊപ്പം തന്നെ,സർക്കാർ അനുവദിച്ച 10,000 രൂപ ശരിയായ രീതിയിൽ ജനങ്ങളിൽ എത്തുന്നുണ്ടോ എന്ന ജനപ്രതിനിധിക്കൾ ഉറപ്പുവരുത്തണം കേരളനവോത്ഥാനത്തിൽ യുവാക്കളുടെ പങ്ക് വളരെ വലുതാണ്.നാം ഒന്നിച്ചുനിന്നാൽ നല്ലോരു നാളെ സൃഷ്ടിക്കാം എന്ന കാര്യതിൽ ഉറപ്പ തന്നെ.

**നല്ലൊരു നാളെ സ്വപ്നം കണ്ടു കൊണ്ടു സ്വികാര്യതയോടെ കേരളത്തിന്റെ പുനർനിർമ്മാണതിനായി നമുക്ക് കൈകോർക്കാം**

# പൂക്കളൊക്കെയും വാക്കുകളാകുന്നു

ആരോ പറയുന്നു തെംസ്സദി,നിന്നോടു
മൂകാനുരാഗംകലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപാർന്ന
നെഞ്ചത്തു വീണുപോൽ,അത്ഭുതം പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപൊൽ തെംസ്സദി!
ആ രാഗമല്ലായ് ദിപ്രമാം യത്നമായ്-
ത്തീരവേ  രണ്ടുകരങ്ങളൊരായിരം
ധീരഹസ്തങ്ങളായ്മാറി,നിൻനിർജീവൻ
വാരിയെക്കോരികഴുകിയെടുത്തുപോൽ




ഓരോ വീടും
ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ
അദ്ധ്യാപകരും..



# കരളുറപ്പുള്ള കേരളം

മഴയൊന്നു പെയ്യുമ്പോൾ
പുഴയൊന്നു നിറയുമ്പോൾ
ഒരു മഹാപ്രളയത്തെ അതിജീവിച്ചവർക്കറിയാം
മനുഷ്യാഹംഭാവത്തിന്റെയും
മനുഷ്യത്വത്തിന്റെയും
ഇടയിലുള്ളതെന്തായിരുന്നെന്ന്
ജാതിമതഭേദമന്യേ
കൈകോർത്തു നാം ജീവാംശത്തിനായ്
ഉതകിയില്ല പടുത്തുയർത്തിയ കെട്ടിടങ്ങളും
നിറഞ്ഞു കവിഞ്ഞ ഭണ്ഡാരങ്ങളും
സഹായമസ്ത്തമായി നൻമയുള്ള മനസ്സുമാത്രം
മനുഷ്യത്വം മാത്രം
കൂട്ടായ് കാവലായി
നൻമയുള്ള ലോകമേ
കാത്തിരുന്നു കാണുക
കരളുടഞ്ഞുവീണില്ലിതു
കരളുറപ്പുള്ള കേരളം

മസിന.പി വി

# <u>മലയാളം അക്ഷര രൂപങ്ങൾ</u>

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യൻ പെറ്റമ്മ തൻഭാഷ താൻ-രചന

മറ്റുള്ള ഭാഷകൾ കേവലഠ ധാത്രിമാർ
മർത്തൃനു പെറ്റമമ തൻഭാഷ താൻ-ചിലങ്ക

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്തൃനു പെറ്റമമ തൻഭാഷ താൻ-രഘു മലയാളം

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ-അരുണ

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ-സുറുമ

# ബന്ധങ്ങൾ

ചുട്ടുപ്പൊള്ളുന്ന കനലുകളാണ് ആകണ്ണുകളിൽ ഞാൻ കണ്ടത്.ഒരായിരം ദുഃഖങ്ങൾ അതിൽ എരിയുന്നുണ്ടായിരുന്നു.അത് കണ്ടിരിക്കുവാൻ എനിക്ക് കഴിഞ്ഞില്ല.പണ്ട് ആ കണ്ണുകൾ നിറയുമ്പോൾ ആശ്വാസമേകാൻ അവൾക്കൊരാളുണ്ടാരുന്നു.അന്ന് അവൾ കരയുന്നത് വിരളമായ കാഴ്ചയും.എന്താണ്ല സംഭവിച്ചത്.മനസ്സിലെ സ്നേഹവും വിശ്വാസവും ഇല്ലാതാകുമോ?എന്തിനാണീ വാശി?
അറിയില്ല.അവളേയും നോക്കി പിന്നിലായി ഞാനിരുന്നു.എൻ വാശിയും ദേഷ്യവും എങ്ങോ ഒലിച്ചു പോവുകയാണ്.എങ്ങനെയാണ് അവളെയൊന്ന് ആശ്വസിപ്പിക്കുക.

വേണ്ട,ഒന്നും ചോദിക്കേണ്ടായിരുന്നു;ഞാൻ സ്വയം മന്ത്രിച്ചു.പക്ഷേ എങ്ങനെയോ,ഞാൻ അവളുടെ കയ്യിൽ ഒന്നു തൊട്ടുപ്പോയി.കലങ്ങിയ കണ്ണുകൾ കൊണ്ട് അവളെന്നെ ശ്ര
ദ്ധിച്ചു.കണ്ണുനീരും ഒരു ഭാഷയാണ്.അത് എന്നോട് എന്തൊക്കെയോ സംസാരിച്ചു കൊണ്ടിരുന്നു.ഏതോ ഒരു അദൃശ്യ ശക്തിയാണ് എന്നെ അവളുട അവളുടെ അടുത്തെത്തിച്ചിരിക്കുന്നത്.

കത്തുന്ന സൂര്യന്റെ കണ്ണുകളിൽ നിന്നഗ്നി
വറ്ഷിച്ചു രോഷമുണരുന്നു
ആടിമുകിൽമാല കുടിനീരു തിരയുന്നു
ആതിരകൾ കുളിരു തിരയുന്നു

-ഭൂമിക്കൊരു ചരമഗീതം
(ഒ.എൻ.വി.കുറുപ്പ്)



# പൂച്ചൊല്ലുകൾ

കോഴിപ്പൂവന്റെ കൊഴലൂത്ത്

കൊക്കൊ,കൊക്കൊ,കൊക്കരക്കോ



കാക്കപ്പെണ്ണിന്റെ പയ്യാരം

കാകാ,കാകാ,കക്കൊ

പൂച്ചക്കുറിഞ്ഞീടെ പൂച്ചൊല്ല്

മ്യാവോ,മ്യാവോ,മമ്യാവോ

കോഴിക്കുഞ്ഞിൻ കുഴഞ്ഞാട്ടം

കിയോ കിയോ കിക്കീയോ

അണ്ണാറക്കണ്ണന്റെ അണ്ണാക്ക്

ചില്ലോ ചില്ലോ ചിച്ചിലച്ചോ

വാനിലുയരെ ക്കിളിപ്പാട്ട്

വായോ വായോ വിത്തുചേറ്

# വിദ്വാന്റെ വീഴ്ച

മണ്ടപ്പിള്ളിയിൽ പണ്ട് മണ്ടുകേശൻ എന്നു പേരുള്ള ഒരു വിദ്വാൻ പാർത്തിരുന്നു. ഒരിക്കൽ അയാൾ ഒരു വിനോദയാത്രയ്ക്ക് പുറപ്പെട്ടു. നടന്ന് നടന്ന് ഒരു കവലയിലെത്തിയപ്പോൾ മണ്ടകേശൻ വഴിപോക്കരോട് ചോദിച്ചു:'കണ്ടന്നൂരിലേക്കുള്ള വഴി ഏതാ?'



'ദാ ആ കാണുന്ന മലഞ്ചെരുവിൽ ഒരു ഇലഞ്ഞിമരം നിൽക്കുന്നത് കണ്ടോ?'

'ഓഹോ, ആ പൊക്കത്തിൽ കാണുന്നതല്ലേ?'

'അതേയതെ... അതിന്റെ മുകളിൽക്കൂടി കേറിപ്പൊയാൽ ഒട്ടും വഴി തെറ്റാതെ കണ്ടന്നൂരിലെത്താം.'

മണ്ടുകേശൻ മലഞ്ചരുവിൽ ഉയർന്ന ഇലഞ്ഞിമരത്തിന്റെ മുകളിൽ കയറി. അതിൻെറ ഏറ്റവും മുകളിലെ കൊമ്പെത്തിയപ്പോൾ കൊമ്പ് വല്ലാതെ വളഞ്ഞുതാണു. മണ്ടുകേശൻ അതിൽ ബലമായി പിടിച്ചു. താമസിയാതെ കൊമ്പൊടിഞ്ഞ് അയാൾ താഴോട്ട് വീണു. പക്ഷെ, ഭാഗ്യത്തിന് അയാൾക്കൊരു ചില്ലക്കൊമ്പിൽ പിടിത്തം കിട്ടി. ഉറയിൽ തൂങ്ങിയ ഉണ്ണി ക്രൃഷ്ണനെപ്പോലെ അയാൾ അതിലങ്ങനെ തൂങ്ങിക്കിടന്നു.

അപ്പോഴാണ് ചെമ്പുക്കാവിലെ കൊമ്പനാനയും ആനപ്പാപ്പാനും കൂടി അതുവഴി വന്നത്.


'എന്നെ രക്ഷിക്കണേ! എന്നെ രക്ഷിക്കണേ!' മണ്ടുകേശൻ കേണപേക്ഷിച്ചു. ആനപ്പുറത്തിരുന്ന ആനപ്പാപ്പാൻ മണ്ടുകേശന്റെ കാലിൽ കടന്നു പിടിച്ചു. പക്ഷെ, അപ്പോഴേക്കും ആന കുറേ ദൂരം മുന്നോട്ടുപോയിക്കഴിഞ്ഞിരുന്നു. പാപ്പാൻ മുണ്ടുകേശന്റെ കാലിൽ തൂങ്ങിക്കിടന്ന് ആടി. ആട്ടത്തിനിടയിൽ മണ്ടുകേശൻ പറഞ്ഞു:

'എടോ ആനപ്പാപ്പാനേ, ഉറക്കെ നല്ലൊരു പാട്ടുപാട്, അതുകേട്ട് ആളുകൾ ഓടിവരട്ടെ. അപ്പോൾ നമുക്ക് രക്ഷപ്പെടാൻ കഴിയും.'

ഇതു നല്ല ഒരൈഡിയയാണെന്ന് ആനപ്പാപ്പാൻ സമ്മതിച്ചു. അയാൾ കാളരാഗത്തിൽ ഒരു പാട്ട് പാടാൻ തുടങ്ങി. പാട്ടിന്റെ താളം മുറുകിയപ്പോൾ വിദ്വൻ മണ്ടുകേശൻ 'ഭേഷേ ഭേഷ്..' എന്ന് പറഞ്ഞ് പെട്ടെന്ന് കയ്യടിച്ചു.

'പ്ധിം...!' ദാ കിടക്കുന്നു വിദ്വാൻ, വെട്ടിയിട്ട ചക്ക പോലെ..!

# ചേച്ചി



അമ്മയന്നൊരു സങ്കൽപ്പമില്ലെനിക്ക്
അതിലുമുപരിയെൻ ചേച്ചി തന്നെ
അമ്മയുമച്ഛനും പോയപ്പോഴുമെന്നെ
ഒന്നുമറിയിക്കാതെ വളർത്തിയവൾ

കണ്ണീർ മഴ തോരാതെ പെയ്തപ്പോഴും
കൈവിടാതെന്നെ മാറോടുചേർത്തവൾ
ദുരന്തങ്ങളുടെ കടലിൽ പെട്ടുപോയപ്പോഴും
ഒറ്റക്കുതിരമാലകളോട് പൊരുതിയവൾ

കൂലിപ്പണിയെടുത്തെന്നെ പോറ്റിയവൾ
ആരാന്റടുക്കളയിൽകിടന്നുനിരങ്ങിയോൾ
എനിക്കുവേണ്ടി ചോരനീരാക്കിയോൾ
ചൊല്ലിവിൻ ചേച്ചിയല്ലേയെനിക്കമ്മ

അവളന്നു ജീവിച്ചതെനിക്കുവേണ്ടി
ഇന്നു ഞാൻ ജീവിപ്പൂ അവൾക്കായി
കണ്ണീർ കണം ഇന്നു മാഞ്ഞു
ചേച്ചി തൻ ഓർമ്മകൾ ബാക്കി

# നമ്മൾ മറന്നാലും കാലം നമ്മളെ മറക്കില്ല

1924 ൽ പ്രളയം വന്നു.കേരളം വെള്ളത്തിൽ മുങ്ങി.
അതിനു ശേഷം നമ്മൾ ആ കാലം മറന്നു.പക്ഷെ കാലം നമ്മളെ മറന്നില്ല.നമ്മൾ ചെയ്തു എല്ലാം പ്രളയമായി ആഗസ്റ്റ് 15 ന് നമ്മളെ വെല്ലുവിളിച്ചു.

"മാവേലി നാടു വാണീടും കാലം
മാനുഷ്യരെല്ലാരും ഒന്നു പോലെ "

എന്ന വരികൾത്ഥമായി .ജാതി,മതഭേദമില്ലാതെ കേരളമൊന്നായി.പണമുള്ളവർ ഇല്ലാത്തവർ എന്ന വേർതിരിവ് ഇല്ലാതെ എല്ലാവരും ഒന്നായി പ്രളയത്തെ നേരിട്ടു.പ്രളയത്തിൽ നിന്നും മോചിതനായിട്ടും പുഴയിലേക്കും തടാകത്തിലേക്കും നമ്മൾ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്ക് സാധനങ്ങൾ പുഴ നമുക്ക് തന്നെ തന്നു.നമ്മൾ നശിപ്പിച്ച പുഴയുടെ വഴിയെല്ലാം പുഴ തിരിച്ചെടുത്തു.ശാലീന സുന്ദരിയായ ഒഴുകിയ പുഴയെ നമ്മൾ ചൂഷണം ചെയ്തു.ആ പുഴ നമ്മളെ ചൂഷണം ചെയ്തു.ആ പ്രളയ കാലം സമൃദ്ധിയുടേയും സന്തോഷത്തിന്റെയും ഓണക്കാലമായിരുന്നു.മാവേലിത്തമ്പുരാൻ പറഞ്ഞ പോലെ സങ്കടമുണ്ടെങ്കിലും ഓണക്കാലും മനുഷ്യർ എല്ലാവരും ഒന്നായി.കേരളത്തെ തിരിച്ചെടുത്ത് നവ കേരളം സൃഷ്ടിച്ചു

-അനഘ ഷജീത്ത്

# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു  കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്വായി നിന്നവള്
കരഞ്ഞും പറഞ്ഞലോ കുഞ്ഞിക്കന്നി


"കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്

അതിനെന്തുടയോനെ!  വേണ്ടത് ഞാനെ
ഓലുണ്ടെരിപൊരിയ ത്തില്
ഞാനുണ്ടിപ്പട്ടൂരിക്കട്ടേമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്ത്തട്ട് മാള്യ്യേമ്മല്
പൊറുക്കുന്നില്ലച്ച്ചാ പൊറുക്കുന്നില്ലേ

നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തലേതേഞ്ഞിറ്റ്
പതിനെട്ടോടതാനഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തോം വന്നെങ്കിൽ
എവിടെവെച്ചച്ചാ പൊറുക്കും ഞാനേ

നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!

നാട്ടുവാഴി തെളിഞ്ഞാലേ ഞാനിരിക്കു!!
നാളത്തെ പുല്ലപുലരും കാലം



ST. MICHAELS GIRLS' HIGHER SECONDARY SCHOOL
WEST HILL, KOZHIKODE.

# നന്ദി

ഈ അടുക്കിപ്പെറുക്കലിന് കൂട്ടുനിന്ന എല്ലാവരോടുമുള്ള സ്നേഹം സൂക്ഷിച്ചുകൊണ്ട്........

“ അറിഞ്ഞതിൽ പാതി
പറയാതെ പോയി
പറഞ്ഞതിൽ പാതി
പതിരായും പോയി ”

എന്ന ക്ഷമാപണത്തോടെ........

മൂല്യബോധമുള്ളവരാവാം

എന്ന ആശംസകളോടെ........

പ്രാർത്ഥനകളോടെ.......

സെന്റ് മൈക്കിൾസ്
ലിറ്റിൽ കൈറ്റ്സ്





Thank you……..